പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1857 | 05.12.2014 ൽ മറുപടിയ്ക്ക് |
|---|---|
| അംഗൻവാടികളുടെ സുരക്ഷ | |
| ചോദ്യം | ഉത്തരം |
| ശ്രീ.സി. ദിവാകരൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) |
| പല അംഗൻവാടികളും സുരക്ഷിതമല്ലാത്ത സാഹചര്യത്തിലാണ് പ്രവർത്തിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്? | ഉണ്ട്. നാമമാത്രമായ അങ്കണവാടികൾ മാത്രമാണ് സുരക്ഷിതമല്ലാത്ത സാഹചര്യത്തിൽ കണ്ടെത്തിയിട്ടുള്ളത്. അങ്കണവാടി കെട്ടിടങ്ങൾ സുരക്ഷിതമായാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പ് വരുത്താൻ എല്ലാ വർഷവും ബന്ധപ്പെട്ട എഞ്ചിനീയറിൽ നിന്നും കെട്ടിടത്തിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത അങ്കണവാടികൾ സൗകര്യപ്രദവും സുരക്ഷിതവുമായ കെട്ടിടങ്ങളിലേക്ക് മാറ്റുന്നതിന് നടപടികളെടുത്തിട്ടുണ്ട്. സ്വന്തമായി സ്ഥലമുള്ള എല്ലാ അങ്കണവാടികൾക്കും കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും സ്വന്തമായി കെട്ടിടമുള്ള എല്ലാ അങ്കണവാടികൾക്കും ചുറ്റുമതിൽ നിർമ്മിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ